2. NABARD - RIDF XX പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച രണ്ട് ഫോറസ്റ്റ് സ്റ്റേഷനുകൾ പൂർത്തീകരിക്കാനുണ്ട്.

(a) മേപ്പാടി റെയ്ഞ്ചിലെ വൈത്തിരി ഫോറസ്റ്റ് സ്റ്റേഷൻ

(b) മേപ്പാടി റെയ്ഞ്ചിലെ മുണ്ടക്കൈ ഫോറസ്റ്റ് സ്റ്റേഷൻ

ടി പദ്ധതിക്ക് 1.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ഒരു കോടിയോളം രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു. 31-3-2016-ന് ചെലവ് പ്രതീക്ഷിക്കുന്നു. ശേഷിക്കുന്ന പ്രവൃത്തി, പദ്ധതി അംഗീകാരം ലഭിച്ചത് പ്രകാരം, 2016-17-ൽ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

ഇടുക്കിയിലെ വനഭൂമി കൃഷിയേറ്റ ക്രമീകരണ ചട്ടങ്ങൾ

361 (339) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിൽ 10 ചെയ്ൻ പ്രദേശത്തെ ഭൂമി 1993-ലെ വനഭൂമി കൃഷിയേറ്റ ക്രമീകരണ ചട്ടങ്ങൾ അനുസരിച്ചാണോ വിതരണം ചെയ്യുന്നതെന്നും എങ്കിൽ ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) കേന്ദ്രാനുമതി ലഭിച്ചത് 1997 ജനുവരി ഒന്നിന് മുമ്പുള്ള കൈയ്യേറ്റം ക്രമീകരിയ്ക്കുന്നതിന് വേണ്ടിയാണോ എന്ന് വ്യക്തമാക്കാമോ;

(സി) ഡാമിന് വേണ്ടി ഏറ്റെടുത്ത വനഭൂമിയിൽ 1997-ന് മുമ്പ് കയ്യേറ്റം നടന്നിരുന്നോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ 10 ചെയ്ൻ പ്രദേശം ഇടുക്കി താലൂക്ക് രൂപീകരിക്കുന്നതിന് മുമ്പുള്ള ഉടുമ്പൻചോല താലൂക്കിന്റെ പരിധിയിൽ ഉൾപ്പെട്ടു വരുന്നതാണ്. മുൻ ഉടുമ്പൻചോല താലൂക്കിന്റെ പരിധിയിലുള്ള ഭൂമിയിൽ നിലവിൽ 1993-ലെ വനഭൂമി കൃഷിയേറ്റം ക്രമീകരണ ചട്ടങ്ങൾ പ്രകാരമാണ് പട്ടയം നൽകിവരുന്നത്. പ്രദേശത്ത് ഇപ്പോൾ നടത്താൻ നിശ്ചയിച്ചിരിക്കുന്ന സർവ്വെ നടപടികൾ പൂർത്തിയായാൽ മാത്രമേ ടി സ്ഥലത്തെ പതിവിന് കേന്ദ്രാനുമതി ആവശ്യമാണോ, കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ എന്ന കാര്യങ്ങൾ വ്യക്തമാവുകയുള്ളൂ.

(ബി) അല്ല. കേന്ദ്രാനുമതി ലഭിച്ചത് 1-1-1977-ന് മുമ്പുള്ള വനഭൂമി കൃഷിയേറ്റം ക്രമീകരിക്കുന്നതിനുവേണ്ടിയാണ്.

(സി) ഇടുക്കി ഡാമിന്റെ 10 ചെയ്ൻ പ്രദേശങ്ങൾക്കുള്ളിൽ 1997-ന് മുമ്പ് തന്നെ കൃഷിയേറ്റം നടന്നിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly